## കാലം സാക്ഷി

# ഇരട്ട സൗഭാഗ്യത്തിനുടമ

**അബൂഅയ്മൻ**

**കാലം** അനേകായിരം രക്തസാക്ഷികളെ കണ്ടിട്ടുണ്ട്. അവരിൽ പലർക്കും സ്മാരകസൗധങ്ങളുണ്ട്, മണ്ഡപങ്ങളുണ്ട്. അവരെ ഓർക്കാനും ഓർമിപ്പിക്കാനും അതൊക്കെ ആവശ്യമായിരിക്കാം. എന്നാൽ ലോകത്ത് ഏറ്റവും കൂടുതൽ അനുസ്മരിക്കപ്പെടുന്ന രക്തസാക്ഷികൾക്ക് ഇതൊന്നുമില്ല. കല്ലിലും ചുവരിലുമൊന്നും കൊത്തിവെക്കപ്പെടാതെത്തന്നെ അവരുടെ പേരുകൾ നിരന്തരം പറയപ്പെടുന്നു. അവരുടെ ചരിത്രം തലമുറകളിലൂടെ ജനകോടികൾ വായിക്കുന്നു. അവരെന്നും എവിടെയും സുമനസ്സുകൾക്ക് പ്രചോദനമായി വർത്തിക്കുന്നു. അവർ ജീവിക്കുന്നത് കല്ലുകളിലും സ്തൂപങ്ങളിലുമല്ല; മനുഷ്യ മനസ്സുകളിലാണ്. അതിനാലവരുടെ പേരുകൾ മായ്ച്ചുകളയാനോ സ്മാരകങ്ങൾ തകർക്കാനോ ആർക്കും സാധ്യമല്ല. അനശ്വരത നേടിയ അത്തരം രക്തസാക്ഷികളിലൊരാളാണ് മുസ്അബുബ്നു ഉമൈർ (റ).

ഉഹുദുമലയുടെ ചാരത്താണ് മുസ്അബിന്റെ അന്ത്യവിശ്രമം. ചരിത്രം അതിന്റെ ചിപ്പിയിൽ ഭദ്രമായി സൂക്ഷിച്ച പേരുകളിലൊന്നാണത്. മഞ്ഞപ്പുല്ലുകളണിഞ്ഞ ഉഹുദുമലയുടെ ചെരുവിൽ ചെന്നു നിൽക്കുന്ന സന്ദർശകരുടെ കാതുകളിൽ മുഴങ്ങിക്കേൾക്കുക പ്രവാചകന്റെ യാത്രാമൊഴികളാണ്. അവിടുന്ന് മുസ്അബിനെ അന്ത്യയാത്രക്കയച്ചത് നിറകണ്ണുകളോടെയായിരുന്നു. അപ്പോൾ അദ്ദേഹം ആത്മഗതം ചെയ്തു: "മുസ്അബേ, നിന്നെ ഞാൻ മക്കയിൽ വെച്ച് കാണുമ്പോൾ നീ എത്ര സുന്ദരനായിരുന്നു! അന്ന് നിന്നെപ്പോലെ മുന്തിയ വസ്ത്രം ധരിക്കുന്ന ആരും അവിടെ ഉണ്ടായിരുന്നില്ല. ഇന്നോ നിന്റെ തലമുടി ജടപിടിച്ചിരിക്കുന്നു. ശരീരം പൊടിപുരണ്ടിരിക്കുന്നു. നിന്നെ പൊതിഞ്ഞതോ ഒരു പുതപ്പിലും. നീ എല്ലാം ത്യജിച്ചത് അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി. അതിനാൽ അല്ലാഹുവോട് ചെയ്ത വാഗ്ദാനം പൂർത്തീകരിച്ച വിശ്വാസികളിൽ താങ്കളും ഉൾപ്പെട്ടിരിക്കുന്നു. നിങ്ങൾ അന്ത്യദിനത്തിൽ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാക്കപ്പെടുക രക്തസാക്ഷിയായിട്ടാണ് എന്നതിന് ദൈവദൂതനിതാ സാക്ഷ്യം വഹിക്കുന്നു."

പ്രവാചകന്റെ വാക്കുകൾ അർഥപൂർണമായിരുന്നു. മുസ്അബ് പിറന്നതും വളർന്നതും മക്കയിലെ ഏറ്റവും സമ്പന്നമായ കുടുംബത്തിലാണ്. അദ്ദേഹം അണിഞ്ഞിരുന്നത് അക്കാലത്ത് കിട്ടാവുന്ന ഏറ്റം വിലപിടിച്ച വസ്ത്രങ്ങൾ. അദ്ദേഹം നടന്നു പോകുന്നേടത്തെല്ലാം അത്തറിന്റെ പരിമളം പരക്കുമായിരുന്നു. അദ്ദേഹത്തിന്റെ വീടായിരുന്നു അവിടെ ഏറ്റവും വലുത്. അതീവ സുന്ദരനായ മുസ്അബ് കിടന്നുറങ്ങിയിരുന്നത് പട്ടുമെത്തയിലാണ്. അറബിപ്പെണ്ണുങ്ങളുടെ ആരാധനാപാത്രവുമായിരുന്നു അദ്ദേഹം.

ആ മുസ്അബാണ് ഇപ്പോൾ ചേതനയറ്റ് കിടക്കുന്നത്. അദ്ദേഹത്തിന്റെ മൃതശരീരം പൊതിഞ്ഞതോ പരുക്കൻ പുതപ്പിലും. അതുപോലും ശരീരം മുഴുവൻ മൂടാൻ പര്യാപ്തമല്ല. തല മറച്ചാൽ കാലും കാല് മറച്ചാൽ തലയും പുറത്താകും. അപ്പോഴാണ് പ്രവാചകൻ പുതപ്പുകൊണ്ട് തലമൂടാനും ഉഹുദുമലയിലെ പുല്ലുകൊണ്ട് കാല് മറയ്ക്കാനും നിർദേശിച്ചത്. അവിടുത്തെ അനുചരന്മാർ അത് നടപ്പാക്കുകയും ചെയ്തു. ഇതിനൊക്കെ സാക്ഷിയാവേണ്ടിവന്ന നബിതിരുമേനിയുടെ കണ്ണുകൾ എങ്ങനെ നനയാതിരിക്കും?

മുസ്അബിനെ ഖബ്റടക്കിയത് രണ്ടു കൈയും ഛേദിക്കപ്പെട്ട നിലയിലാണ്. ഉഹുദുയുദ്ധത്തിൽ കൊടിപിടിച്ചിരുന്നത് അദ്ദേഹമാണ്. ബദ്റിലെ പരാജയത്തിന് പ്രതികാരം തീർക്കാൻ യുദ്ധത്തിനിറങ്ങിത്തിരിച്ച ഖുറൈശിക്കൂട്ടത്തിന്റെ ലക്ഷ്യം പ്രവാചകന്റെ കഥകഴിക്കലായിരുന്നു. എന്നാൽ പ്രഥമഘട്ടത്തിൽ അവർക്ക് പരാജിതരായി പിന്തിരിയേണ്ടിവന്നു. പിന്നീട് പ്രവാചകൻ മലമുകളിൽ കാവൽ നിർത്തിയിരുന്ന വില്ലാളിവീരന്മാർ അവിടുത്തെ അനുവാദം ലഭിക്കാതെത്തന്നെ യുദ്ധഭൂമിയിലേക്കിറങ്ങിവന്നതിനാൽ ശത്രുക്കൾക്ക് പിന്നിൽനിന്ന് ആക്രമിക്കാൻ അവസരം ലഭിച്ചു. അപ്രതീക്ഷിതമായുണ്ടായ ഈ ആക്രമണം മുസ്‌ലിംകളെ പരിഭ്രാന്തരാക്കി. അവരിൽ പലരും പ്രതിരോധിക്കാനാവാതെ പിന്തിരിഞ്ഞു. ഈ അവസരമുപയോഗിച്ച് ശത്രുക്കൾ നബിതിരുമേനിയെ വളഞ്ഞു. അപകടം കണ്ടറിഞ്ഞ മുസ്അബ് പതാകയുമായി പ്രവാചകനെ പ്രതിരോധിച്ചു. അത്യുച്ചത്തിൽ തക്ബീർ മുഴക്കി നാലുഭാഗത്തും നിലയുറപ്പിച്ചു. അതോടെ ശത്രുക്കളുടെ ശ്രദ്ധ അദ്ദേഹത്തിലേക്ക് തിരിഞ്ഞു. അവരദ്ദേഹത്തെ വളഞ്ഞു. ഇബ്നു ഖുമൈഅ കൊടി പിടിച്ച കൈവെട്ടി വീഴ്ത്തി. ഉടനെ പതാക ഇടതുകൈയിലെടുത്ത് ഉറക്കെ പ്രഖ്യാപിച്ചു: 'മുഹമ്മദ് ദൈവദൂതനാണ്. കഴിഞ്ഞകാലത്തെ മറ്റെല്ലാ ദൈവദൂതന്മാരെയും പോലെ.'

ഇബ്നു ഖുമൈഅ ഇടതു കൈയും വെട്ടി താഴെയിട്ടു. മുസ്അബ് കൊടി കക്ഷത്തൊതുക്കിപ്പിടിച്ചു; തന്റെ മുൻ പ്രഖ്യാപനം ആവർത്തിച്ചുകൊണ്ട്. ശത്രുക്കളുടെ ശ്രദ്ധ പ്രവാചകനിൽനിന്ന് തന്നിലേക്ക് തിരിക്കലായിരുന്നു ലക്ഷ്യം. ഇബ്നു ഖുമൈഅ മൂന്നാമതും വെട്ടി. അത് മുസ്അബിന്റെ നെഞ്ച് പിളർത്തു. പതാകയോടൊപ്പം അദ്ദേഹവും നിലംപതിച്ചു. ആ ധീരപോരാളി വീരമൃത്യുവരിച്ചു. അപ്പോഴണിഞ്ഞ വസ്ത്രത്തിൽ തന്നെയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യയാത്ര.

എന്തുകൊണ്ടാണ് മുസ്അബ് മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വം അടിക്കടി ആവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടിരുന്നത്? പ്രവാചകൻ വധിക്കപ്പെടുമോ എന്ന ഭീതിയായിരുന്നു കാരണമെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. യുദ്ധക്കളത്തിൽ മുസ്അബിന്റെ മുഖം മണ്ണിലമർന്നാണ് കിടന്നിരുന്നത്. നബിതിരുമേനിക്ക് എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ അത് കാണാതിരിക്കാനായിരിക്കാം അങ്ങനെ കിടന്ന് അന്ത്യശ്വാസം വലിച്ചത്.

മരണത്തിലെന്ന പോലെ ജീവിതത്തിലും മുസ്അബ് ഒരത്ഭുതമായിരുന്നു. പ്രവാചകനിയോഗത്തെ സംബന്ധിച്ച വാർത്ത യുവാവായിരുന്ന മുസ്അബിന്റെ കാതിലുമെത്തി. സംഭവം അപ്രതീക്ഷിതവും അസ്വാഭാവികവുമായിരുന്നതിനാൽ അവിശ്വസിക്കാനാണ് തോന്നിയത്. മുഹമ്മദാണല്ലോ താൻ ദൈവദൂതനാണെന്ന് അവകാശപ്പെടുന്നത്. അദ്ദേഹത്തെ എങ്ങനെ അവിശ്വസിക്കും? വിളിപ്പേരു തന്നെ 'വിശ്വസ്തൻ' എന്നാകുമാറ് ജീവിതത്തിലൊരറ്റ കള്ളവും പറയാത്തവനാണ്. കൊല്ലങ്ങളായി നല്ല പരിചയമുണ്ട്. മുഹമ്മദിന്റെ അവകാശവാദം അങ്ങനെ അവഗണിക്കേണ്ടതല്ലെന്ന് ബോധ്യമായി. മുഹമ്മദിനെ കാണാൻ തന്നെ തീരുമാനിച്ചു. അന്ന് പ്രവാചകനും അനുയായികളും ഒത്തുകൂടിയിരുന്നത് അർഖമിന്റെ വീട്ടിലാണ്. സ്വഫാമലയിൽ.

ഒരു സായാഹ്നത്തിൽ മുസ്അബ് പ്രവാചകസന്നിധിയിലെത്തി. അദ്ദേഹം കൂടെയുള്ളവർക്ക് ഖുർആൻ സൂക്തങ്ങൾ ഓതിക്കൊടുക്കുകയായിരുന്നു. ആ വിശുദ്ധ വചനങ്ങൾ മുസ്അബിന്റെ മനസ്സിലേക്ക് ആഴ്ന്നിറങ്ങി. അവിടെ പ്രകമ്പനങ്ങൾ സൃഷ്ടിച്ചു. പ്രവാചകൻ മുസ്അബിനു വേണ്ടി പ്രാർഥിച്ചു. അപ്പോൾതന്നെ മുസ്അബ് സന്മാർഗം സ്വീകരിക്കു

കയും ചെയ്തു.

സത്യപ്രബോധന പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ പ്രവാചകൻ പുതിയ പ്രദേശങ്ങൾ അന്വേഷിക്കുന്ന സന്ദർഭമായിരുന്നു. ഏറ്റം പറ്റിയ ഇടം യസ്രിബാണെന്ന് അവിടുന്ന് തിരിച്ചറിഞ്ഞു. ഇതിനകം പന്ത്രണ്ടു പേർ അവിടെനിന്ന് ഇസ്‌ലാം സ്വീകരിച്ച് മക്കയിലെത്തുകയും ചെയ്തിരുന്നു. അഖബായിൽ വെച്ച് പ്രവാചകൻ അവരുമായി ഉട മ്പടിയിലേർപ്പെട്ടു.

സന്മാർഗം സ്വീകരിച്ചെത്തിയവരെ ഇസ്‌ലാമികാധ്യാപനങ്ങൾ അഭ്യസിപ്പിച്ച് സംസ്കരിച്ചെടുക്കണം. അതോടൊപ്പം അന്നാട്ടുകാർക്കിടയിൽ സത്യപ്രബോധനം ഫല പ്രദമായി നിർവഹിക്കുകയും വേണം. ഇതിനു ഏറ്റം പറ്റിയത് ആരാണ്? സമർപ്പണസന്നദ്ധതയുടെയും സഹനത്തിന്റെയും സൽസ്വഭാവത്തിന്റെയും സ്വരൂപ മായ മുസ്അബിനെയാണ് അവിടുന്ന് ഈ നിയോഗനിർവഹണത്തിന് തെരഞ്ഞെടുത്ത ത്. പ്രവാചകന്റെ ഈ തെരഞ്ഞെടുപ്പ് എത്രമാത്രം അർഥപൂർണമായിരുന്നുവെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിച്ചു.

മക്കയെ അപേക്ഷിച്ച് ഇസ്‌ലാമിന് വമ്പിച്ച സാധ്യതയുള്ള പ്രദേശമായിരുന്നു യസ്രിബ്. മുസ്അബ് ഈ അനുകൂലാവസ്ഥ പ്രയോജനപ്പെടുത്തി. ഗുണകാംക്ഷയോ ടെയും തികഞ്ഞ ആത്മാർഥതയോടെയും അദ്ദേഹം നടത്തിയ ശ്രമങ്ങൾക്ക് നല്ല ഫലമു ണ്ടായി. നിരവധി പേർ സന്മാർഗം സ്വീകരിച്ചു. മുസ്അബ് അവരെ എക്കാലവും ഏവർക്കും അനുകരിക്കാവുന്ന വിശുദ്ധരും സച്ചരിതരുമായ മഹദ്‌വ്യക്തികളാക്കി വാർത്തെടുത്തു. ഒരൊറ്റ കൊല്ലം കൊണ്ട് എഴുപതിലേറെ പേരാണ് ഇസ്‌ലാം സ്വീകരി ച്ചത്. അവർ സത്യമാർഗത്തിൽ എന്തും സഹിക്കാനും ത്യജിക്കാനും സന്നദ്ധരായിരു ന്നു. ഇത്രയേറെ മഹദ് വ്യക്തികളെ ഉയർത്തിക്കൊണ്ടുവരാൻ സൗഭാഗ്യം ലഭിച്ച ഏറെ പ്പേരെ ചരിത്രത്തിൽ കാണാനാവില്ല.

പ്രവാചകന്റെയും അനുയായികളുടെയും ഹിജ്റക്ക് പശ്ചാത്തലമൊരുക്കിയത് രണ്ടാം അഖബാ ഉടമ്പടിയാണ്. മുസ്അബ് വളർത്തിയെടുത്ത വിശ്വാസികളാണ് അതിൽ പങ്കാളികളായത്. അവർ എഴുപത്തിയഞ്ചു പേരുണ്ടായിരുന്നു. മുസ്അബിന്റെ നേതൃത്വത്തിൽതന്നെയാണ് അവർ അഖബായിലെത്തിയത്. അതിനാൽ ചരിത്രപ്രധാന മായ ഹിജ്റക്കും അതുവഴി യസ്രിബ്, മദീനത്തുന്നബി-പ്രവാചകന്റെ പട്ടണം-യായി മാറാനും പശ്ചാത്തലമൊരുക്കിയത് മുസ്അബാണ്. പ്രവാചകന്റെ രക്ഷക്കായി പട വെട്ടി വീരമൃത്യുവരിച്ച വ്യക്തിതന്നെയാണ് പ്രവാചകനഗരിയുടെ പിറവിയുടെയും പിന്നിലെന്നത് വിസ്മയകരമായ ഒരൊത്തുവരവുതന്നെ. മുസ്അബ് ഇരട്ട സൗഭാഗ്യ ത്തിനുടമയാണെന്ന് പറയാനുള്ള കാരണവും അതുതന്നെ. ■